# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടപ്പാൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM.5/2696/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 22/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടപ്പാൾ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM.5/2696/23 തീയ്യതി: 22/12/2023

## മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-11-2022 മുതൽ 22-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2023 | 30-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2023 | 30-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. റിഷിൽ. പി., ഓഡിറ്റ് ഓഫീസർ

ശ്രീ. യൂസഫ്.പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷജീർ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മൊയ്തീൻ ഫാസിൽ.കെ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുബൈദ.സി.വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബാബുരാജൻ.പി,വി | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി.ലീന.കെ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 01-09-2022 |

| | | | |
|---|---|---|---|
| ശ്രീ.കെ.പി.സുനിൽ കുമാർ | സെക്രട്ടറി | 02-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലീന.കെ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 11-01-2023 |
| ശ്രീമതി.ലത.എം | അസിസ്റ്റന്റ് സെക്രട്ടറി | 12-01-2023 | 31-03-2023 |
| ശ്രീമതി.ആര്യ.വി.ബി | അസി.എഞ്ചിനീയർ | 01-04-2022 | 17-11-2022 |
| ശ്രീമതി.ധന്യ.ഇ | അസി.എഞ്ചിനീയർ | 18-11-2022 | 31-03-2023 |
| ശ്രീ.സുജീർ.പി.പി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ.കുട്ടപ്പൻ മാസ്റ്റർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി.സാവിത്രി | ഹെഡ് മിസ്ട്രസ്സ് | 01-06-2022 | 31-03-2023 |
| ശ്രീമതി.മഞ്ജു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 12-01-2023 |
| ശ്രീമതി.കൃഷ്ണേന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ശ്രീ.വിനയൻ.എം | കൃഷി ഓഫീസർ | 01-04-2022 | 18-08-2022 |
| ശ്രീ.സുരേന്ദ്രൻ.എം.പി | കൃഷി ഓഫീസർ | 19-08-2022 | 31-03-2023 |
| ഡോ.ഹരി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ..ദീപ ചിറയത്ത് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.അബൂബക്കർ സിദ്ധീക്ക് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 31-05-2022 |
| ഡോ.സാജിത പൈക്കാടൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-06-2022 | 31-07-2022 |
| ഡോ.അബൂബക്കർ സിദ്ധീക്ക് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-08-2022 | 11-12-2022 |
| ഡോ.സാജിത പൈക്കാടൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 12-12-2022 | 31-03-2023 |
| ഡോ.സനൽ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 26-04-2022 |
| ഡോ.സജീന.കെ.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 27-04-2022 | 25-07-2022 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 26-07-2022 | 31-07-2022 |
| ഡോ.സലീന.കെ.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-08-2022 | 31-03-2023 |
| ശ്രീ.ശ്രീജേഷ്.കെ | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 01-04-2022 | 03-02-2023 |
| ശ്രീമതി.അമൃത ഗോപൻ | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 04-02-2023 | 31-03-2023 |
| ശ്രീ.മുഹമ്മദ് നാസിം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 05-05-2022 |
| ശ്രീമതി.അനീഷ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-1 |
| 3 | വസ്തുനികുതി ഇനത്തിലെ വരവ് വാർഷിക പത്രിക ഡി.സി.ബി യുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | ബാങ്കുകളുടെ വിവരം എ.എഫ്.എസിൽ ഉൾപ്പെട്ടിട്ടില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | ACR സൂക്ഷിച്ചിട്ടില്ല. | 1-1-7 |
| 9 | ലേലം രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | ചട്ടം മുഴുവനായി പാലിച്ചിട്ടില്ല | 1-1-9 |
| 11 | ബാങ്ക് ബുക്കും റീകൺസിലിയേഷൻ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബാങ്ക് അക്കൗണ്ട് വിശദവിവരം ലഭ്യമല്ല | 1-1-11 |
| 13 | രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-13 |
| 15 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | സ്റ്റേൽ ചെക്ക്-അപാകത | 1-1-15 |
| 17 | ക്രെഡിറ്റ് തുകകൾ കണക്കിലെടുത്തിട്ടില്ല. | 1-1-16 |
| 18 | ചെക്ക് ക്ലിയർ ചെയ്തിട്ടില്ല | 1-1-17 |
| 19 | ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തതിലെ അപാകത | 1-1-18 |
| 20 | ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-19 |
| 21 | അക്കൗണ്ട് ചെയ്യാതെ പണം പിൻവലിച്ചു | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമപദ്ധതികൾ | 1-7 |
| 28 | ക്യാഷ് പരിശോധന | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | തനത് ഫണ്ട് അവലോകനം | 1-11 |
| 32 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 33 | തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലൂടെയുള്ള സാമ്പത്തിക ഇടപാടുകൾ സുതാര്യമല്ല | 1-13 |
| 34 | അക്കൗണ്ട് ചെയ്യാതെ പണം പിൻവലിച്ചു | 1-13-1 |
| 35 | തെറ്റായ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി | 1-13-2 |
| 36 | കറന്റ് അക്കൗണ്ടിൽ വലിയ തുക സൂക്ഷിക്കുന്നു | 1-14 |
| 37 | ലോൺ ഇനത്തിലെ നീക്കിയിരിപ്പ് -അപാകത | 1-15 |
| 38 | പെർമിറ്റ് കൂടാതെ കെട്ടിടത്തിൽ അധിക പ്രവർത്തനം നടത്തി | 1-16 |
| 39 | തൊഴിൽ നികുതി പിരിവിൽ അപാകത | 1-17 |
| 40 | വാടക കെട്ടിടത്തിന്റെ പ്രവർത്തനത്തിലെ അപാകതകൾ | 1-18 |
| 41 | തെരുവ് നായ വാക്സിനേഷൻ പദ്ധതിയിലെ അപാകതകൾ | 1-19 |
| 42 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-20 |

| | | |
|---|---|---|
| 43 | ടെക്നിക്കൽ സർവീസ് - ആദായ നികുതി പിടിച്ചതിൽ കുറവ് | 1-21 |
| 44 | TAKE A BREAK Toilet നിർമ്മാണം - ആദായ നികുതി കുറവായി ഈടാക്കി- കരാറുകാരന് അധികം നൽകിയത് 9562 രൂപ | 1-22 |
| 45 | മരാമത്ത് പ്രവൃത്തിയിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 7594 രൂപ | 1-23 |
| 46 | തൊഴിലുറപ്പ് പദ്ധതി - യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ നിരക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകി - പ്രവൃത്തികളിലുണ്ടായ അധിക ചെലവ് 6,07,787.20 രൂപ | 1-24 |
| 47 | അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല-ബാങ്കിലെ നീക്കിയിരിപ്പ് 1,40,889.50 രൂപ | 1-25 |
| 48 | തൊഴിലുറപ്പ് പദ്ധതി - മെറ്റിരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും GST-TDS ഈടാക്കിയില്ല | 1-26 |
| 49 | സ്പിൽ ഓവർ പ്രോജക്ടിന് തൻവർഷം പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി -സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക നിരക്കിൽ ധനസഹായം അനുവദിച്ചു. | 1-27 |
| 50 | TDS ഈടാക്കി അടവാക്കിയിട്ടില്ല. | 1-28 |
| 51 | വെള്ളക്കരം - അപാകതകൾ | 1-29 |
| 52 | ലാപ് ടോപ്പുകൾ മുഴുവൻ ലഭ്യമായില്ല | 1-30 |
| 53 | അഡ്വാൻസ് നൽകിയ തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-31 |
| 54 | സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/14.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി&എ.ജി നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം — ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി: — കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

RP-49 പ്രകാരം ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ 80000/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.B-18 പ്രകാരം വിവിധ അഡ്വാൻസ് ഇനങ്ങളിലായി 29594383/- രൂപയുടെ അവശേഷിപ്പുണ്ടെങ്കിലും രജിസ്റ്ററിന്റെ അഭാവത്തിൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-2 വസ്തുനികുതി ഇനത്തിലെ വരവ് വാർഷിക പത്രിക ഡി.സി.ബി യുമായി പൊരുത്തപ്പെടുന്നില്ല

RP-45 പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗ് വസ്തുനികുതി ഇനത്തിലെ തൻ വർഷ വരവ് 2451470/- രൂപയും നോൺ റസിഡൻഷ്യൽ ബിൽഡിംഗ് വസ്തുനികുതി ഇനത്തിലെ തൻ വർഷ വരവ് 5024072/- രൂപയുമാണ്. എന്നാൽ ആയത് ഡി.സി.ബി പ്രകാരം ആയത് യഥാക്രമം 2479025/-രൂപയും 5036870/-രൂപയുമാണ്.

### 1-1-3 ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല

സെക്യൂർഡ് ലോൺ ഫ്രം കെ.യു.ആർ.ഡി.എഫ്.സി ഇനത്തിൽ RP-31 പ്രകാരമുള്ള വരവ് 6200000/- രൂപയും B5- പ്രകാരമുള്ള നീക്കിയിരിപ്പ് 21809522/- രൂപയുമാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം ആയത് യഥാക്രമം 11080000/- രൂപയും 22916009/- രൂപയുമാണ്.സെക്യൂർഡ് ലോൺ ഫ്രം കോപറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷൻ ഇനത്തിൽ B5- പ്രകാരം 3842645/- രൂപയുടെ നീക്കിയിരിപ്പുണ്ടെങ്കിലും രജിസ്റ്റർ പ്രകാരം ആയത് പൂജ്യം ആണ്.

### 1-1-4 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

പരിശോധനക്ക് ഹാജരാക്കിയ രസീതികൾ പ്രകാരം 596186/-രൂപയുടെ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ബി-12 പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 494853/-രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-5 ബാങ്കുകളുടെ വിവരം എ.എഫ്.എസിൽ ഉൾപ്പെട്ടിട്ടില്ല

മുൻ വർഷ ധനകാര്യ പത്രകയിൽ 40(b) യിൽ ഉൾപ്പെട്ടിരുന്ന ചുവടെ കെടുത്ത ബാങ്കുകളുടെ വിവരമൊന്നും തൻ വർഷ ധനകാര്യ പത്രകയിൽ ഉൾപ്പെട്ടില്ല.ടി ബാങ്കുകളുടെ ബാങ്ക് പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബാങ്കുകളുടെ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തതിന്റെ വിവരം ഇല്ല.

1. K.G.B.S.G.S.Y
2. K.G.B.T.S
3. S.B.I.O.A.P
4. K.G.B Plan
5. K.G.B .M.G.N.R.E.G.A
6. S.B.I.N.R.E.G.A
7. I.C.I.C.I RURBAN
8. M.D.C.B

### 1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

B-7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 1095311/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-7 ACR സൂക്ഷിച്ചിട്ടില്ല.

B4 ഷെഡ്യൂളിൽ ഉൾപ്പെട്ട പ്രത്യേക ഗ്രാന്റുകൾക്ക് പ്രത്യേക ACR സൂക്ഷിച്ചിട്ടില്ല.

### 1-1-8 ലേലം രജിസ്റ്റർ സൂക്ഷിക്കുന്നില്ല

RP-5 പ്രകാരം റസീപ്റ്റ് ഫ്രം സെയിൽ ഓഫ് സ്ക്രാപ്പ് ഇനത്തിൽ 48717/- രൂപയുടെ വരവ് ഉണ്ടെങ്കിലും ലേലം രജിസ്റ്ററോ, ഫയലുകളോ ഹാജരാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-9 ചട്ടം മുഴുവനായി പാലിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിച്ചിട്ടില്ല.( ബാങ്ക് ബുക്കുകൾ ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ എല്ലാമാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.)

### 1-1-10 ബാങ്ക് ബുക്കും റീകൺസിലിയേഷൻ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ചുവടെ കൊടുക്കുന്ന ബാങ്കുകളുടെ RP 40(b),B-17 എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പും Reconciliation Statement -ൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ബാങ്കിന്റെ പേര് | RP 40(b) ,B-17പ്രകാരം നീക്കിയിരിപ്പ് | Reconciliation Statement -ൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|
| കനറ ബാങ്ക് A/C No. 1138101071706 | 7669962/- | 1592250/- | 6077712/- |
| KGB OWN Fund A/C No. 40287100102977 | 15344151/- | 8427886/- | 6916265/- |

### 1-1-11 ബാങ്ക് അക്കൗണ്ട് വിശദവിവരം ലഭ്യമല്ല

RP-40(b) പ്രകാരം നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ട് ഓഫ് ഔൺ റെവന്യൂ ഫണ്ട് ഇനത്തിൽ 349858/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട്.എന്നാൽ ആയതുമായി ബന്ധപ്പെട്ട ബാങ്ക് ബുക്ക്, പാസ്ബുക്ക് തുടങ്ങി യാതൊരു രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-12 രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല

ലോൺ രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, വാണിജ്യ വ്യാപാര ലൈസൻസ് രജിസ്റ്റർ, സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്റ്റർ എന്നിവയിലൊന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ ആയതിന്റെ മൂല്യ നിർണ്ണയം നടത്തിയതിന്റേയോ ഡിപ്രീസിയേഷൻ നിശ്ചയിച്ചതിന്റേയോ രേഖകൾ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല.

### 1-1-14 റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ല

താഴെപ്പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്,ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റ് ,റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | അക്കൗണ്ട് | RP 40(b) പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| സബ് ട്രഷറി,ചങ്ങരംകുളം | 715121400000003 | 1000000 |
| സബ് ട്രഷറി,ചങ്ങരംകുളം | 799011400002856 | 1000000 |
| കേരള ഗ്രാമീൺ ബാങ്ക് | 40287100101591 | 8706 |
| യൂണിയൻ പാങ്ക് ഓഫ് ഇന്ത്യ | 703202010005305 | 7639 |
| ഡിസ്ട്രിക്ട് കോപറേറ്റീവ് ബാങ്ക് | 90301000900044 | 324633 |
| കനറ ബാങ്ക്,യു.പി.ഐ | 120024204533 | 0 |
| ഡിസ്ട്രിക്ട് കോപറേറ്റീവ് ബാങ്ക് | 9030120100052 | 0 |
| കേരള ഗ്രാമീൺ ബാങ്ക് | 40287100104067 | 0.50 |

### 1-1-15 സ്റ്റേൽ ചെക്ക്-അപാകത

തനത് ഫണ്ട് അക്കൗണ്ട് (കെ.ജി.ബി : A/CNo.40287100102977) മാർച്ച് 2023 ലെ റികൺസിലിയേഷൻ ( സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല) പ്രകാരം 2022 നവംമ്പറിലും അതിനു മുമ്പും നൽകിയ ചെക്കുകൾ പ്രകാരം 384322/- രൂപ Stale Cheques ആയി ഉണ്ട്.എന്നാൽ ബാലൻസ് ഷീറ്റ് (B-9) പ്രകാരം 14890രൂപയാണ് Stale Cheques രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-16 ക്രെഡിറ്റ് തുകകൾ കണക്കിലെടുത്തിട്ടില്ല.

തനത് ഫണ്ട് സൂക്ഷിക്കുന്ന KGB(A/C 40287100102977) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 01.08.2022 മുതൽ ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകളിൽ ചിലത് ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല(ഖണ്ഡിക 1-13-2 ൽ പ്രതിപാദിച്ചിട്ടുണ്ട്)

### 1-1-17 ചെക്ക് ക്ലിയർ ചെയ്തിട്ടില്ല

തനത് ഫണ്ട് സൂക്ഷിക്കുന്ന KGB(A/C 40287100102977) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് ഇനത്തിൽ 02.08.2022 മുതലുള്ള 180429/- രൂപ കാണുന്നു.എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ ആയതിൽ ചിലത് തൻ വർഷം ക്ലിയർ ചെയ്തതായി കണ്ടു.(ഖണ്ഡിക 1-13-2ൽ പ്രതിപാതിച്ചിട്ടുണ്ട്)

### 1-1-18 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തതിലെ അപാകത

തനത് ഫണ്ട് സൂക്ഷിക്കുന്ന KGB(A/C 40287100102977) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 04.05.2022 മുതൽ ബാങ്ക് നേരിട്ട് 5269053/- രൂപ ഡെബിറ്റ് ചെയ്തതായി കാണുന്നു.എന്നാൽ ആയതിൽ ചില തുകകൾ സെക്രട്ടറി ചെക്ക് മുഖേനയോ നെഫ്റ്റ് വൗച്ചറിലൂടെയോ പിൻ വലിച്ചതാണെന്ന് കണ്ടു.(ഖണ്ഡിക 1-13-2 ൽ പ്രതിപാദിച്ചിട്ടുണ്ട്)

### 1-1-19 ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് റിക്കവറിയിനത്തിൽ 11812 രൂപ വാർഷിക കണക്ക് പ്രകാരം ഉണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-1-20 അക്കൗണ്ട് ചെയ്യാതെ പണം പിൻവലിച്ചു

എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് ആയKGB OWN Fund (A/C No. 40287100102977)ൽ നിന്നും അക്കൗണ്ട് ചെയ്യാതെ പണം പിൻവലിച്ചു.(വിശദ വിവരം ഖണ്ഡിക1-13-1 ൽ പ്രതിപാദിച്ചിട്ടുണ്ട്).

### 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി | പുതുക്കിയ തീരുമാന നമ്പർ/തിയ്യതി |
|---|---|
| 1(1)/23.03.2022 | ഇല്ല |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 18285339 |
| വരവ് | 190874455 |
| ആകെ | 209159794 |
| ചെലവ് | 174466451 |
| നീക്കിയിരിപ്പ് | 34693343 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16999801 | 16999801 | 16105245 | 894556 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 9192175 | 9192175 | 8914138 | 277137 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 4712000 | 4712000 | 1920804 | 2791196 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5414000 | 5414000 | 4455401 | 958599 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 7372838 | 7372838 | 4024931 | 3347907 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 4357908 | 4357908 | 2992451 | 1365457 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 119863738 | 110 | 69642433 | . | 41 | 72.85% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1752385 | 1752385 | 1752385 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 47668756 | 47668756 | 47668756 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3563200 | 42 |
| വിധവാപെൻഷൻ | 18141800 | 1367 |
| വാർദ്ധക്യകാലപെൻഷൻ | 36739800 | 2907 |
| വികലാംഗപെൻഷൻ | 5359600 | 353 |
| വിവാഹ ധനസഹായം | 360000 | 12 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 916800 | 71 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2023ന് 10.13 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7048/- രൂപയുടെ ക്യാഷ് ബാലൻസ് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. മുൻകൂർ രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ , ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, തെരുവ് വിളക്ക് രജിസ്റ്റർ, തെരുവ് വിളക്ക് പരാതി രജിസ്റ്റർ, എന്നിവ പരിപാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.10.2023 | 30.09.2023 | 09.10.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.03.2003 | 1997-98 മുതൽ 2001-02വരെ | 14.03.2003 |

## 1-11 തനത് ഫണ്ട് അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് എടപ്പാൾ ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം**

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി

സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2ആയി എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ , ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മീറ്റിംഗ് മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ , വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പ് വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

<u>വസ്തു നികുതി</u>

സ.ഉ (കൈ) നം. 77/2023/എൽ എസ് ജി ഡി , തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എടപ്പാൾ ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്)11.05.2023 ലെ 6/1നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും A3-4134/23 തിയ്യതി 30.06.2023 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 12.07.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 12.07.2023 ലെ 6/2,6/3 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

4.കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. അതിനായി 26.07.2023 ന് ഇന്റർവ്യൂ നടത്തി പങ്കെടുത്ത 7 പേരെയും യോഗ്യരായതിനാൽ 11.08.2023 ലെ 19/1നമ്പർ തീരുമാന പ്രകാരം മേൽ പ്രവർത്തിക്ക് നിയമിച്ചിട്ടുണ്ട്.

5. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 23.08.2023 ലെ 9/1നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും A3-4134/23 തിയ്യതി 27.09.2023 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 07.10.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. പി.ഡബ്യു.ഡി റോഡിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമുള്ള ഗ്രാമപഞ്ചായത്തിലെ ചില പ്രത്യേക ഭാഗങ്ങൾ മാത്രമാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന പ്രദേശങ്ങൾ മുഴുവൻ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തി. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ

500 ഓളം 9Bഅപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും , ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ , ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27 എന്നിയും , ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവു വിളക്കുകൾ ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെ പറയുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന നികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജലവിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

എടപ്പാൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ്ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് മുഴുവൻ റേഷൻകടക്കാരിൽ നിന്നും ആയത് ഈടാക്കുന്നില്ല.

പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ),1996ലെ കേരള പഞ്ചായത്തീരാജ് ചട്ടങ്ങളിലെ ചട്ടം 3(2) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ പഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നുണ്ട്.(പാരാ1-13ൽ പ്രതിപാദിച്ചിട്ടുണ്ട്).

വാടക

എടപ്പാൾ ഗ്രാമ പഞ്ചായത്ത് എടപ്പാൾ ടൗണിൽ 16 കടമുറികൾ വാടകക്ക് നൽകുന്നുണ്ട്.എന്നാൽ ആയതിന്റെ ബൈലോയോ ലേലം ചെയ്ത രേഖകളോ ഒന്നും പഞ്ചായത്തിൽ ലഭ്യമല്ല.വളരെ കുറഞ്ഞ നിരക്കിലാണ് എടപ്പാൾ ടൗണിൽ സ്ഥിതി ചെയ്യുന്ന ഈ കടമുറികളിൽ നിന്ന് വാടക ഈടാക്കുന്നത്(ഖണ്ഡിക 1-18ൽ ആയത് പ്രതിപാദിച്ചിട്ടുണ്ട്).

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കിഴിച്ച് ബാക്കി തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

അതാതു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, തുടർനടപടി ഫയൽ/പുനരഭിപ്രായക്കുറിപ്പ്,സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള പദ്ധതി വിവരം,മുൻകൂർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായതായി കാണുന്നില്ല. താഴെ പട്ടികപ്പെടുത്തിയ പ്രവൃത്തികളുടെ വിവരം പൂർണ്ണമായി ബന്ധപ്പെട്ട വർഷങ്ങളിലെ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 2012-13 | KWA | 196000 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 2 | 91/14,പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ അധിക തുക അടവാക്കൽ | 2013-14 | KWA | 278000 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 3 | 18/15,പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2014-15 | KWA | 1530000 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 4 | 185/17വാട്ടർ ലൈൻ ദീർഘിപ്പിക്കൽ (185/17) | 2016-17 | KWA | 1200000 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 5 | മാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മാണം (83/17) | 2016-17 | കോസ്റ്റ് ഫോർഡ്,തൃശ്ശൂർ | 1436556 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 6 | 09/18വൈദ്യുതപോസ്റ്റ് മാറ്റി വെക്കൽ | 2017-18 | KSEB | 25243 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 7 | 165/18,വിവിധ പാടശേഖരങ്ങളിലൂടെയുള്ള വൈദ്യുതലൈൻ നീട്ടൽ | 2017-18 | KSEB | 1013942 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 8 | 198/18,പോസ്റ്റ് മാറ്റി വെക്കൽ | 2017-18 | KSEB | 138126 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 9 | പ്രോജക്റ്റ് നമ്പർ.165/19 ചക്കപ്പൻത്താഴം ലൈൻ എക്സ്റ്റൻഷൻ | 2018-19 | KSEB | 222360 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 10 | 186/19,പോസ്റ്റ് മാറ്റി വെക്കൽ | 2018-19 | KSEB | 92628 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 11 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2019-20 | KWA | 5000000 | 3506284 | 1493716 |
| 12 | 10/20,പോസ്റ്റ് മാറ്റി വെക്കൽ | 2019-20 | KSEB | 118712 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 13 | 112/20,വിവിധ പാടശേഖരങ്ങളിലൂടെയുള്ള വൈദ്യുത ലൈൻ നീട്ടൽ | 2019-20 | KSEB | 647619 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| 14 | 143/20,വിവിധ പാടശേഖരങ്ങളിലൂടെയുള്ള വൈദ്യുത ലൈൻ നീട്ടൽ | 2019-20 | KSEB | 66952 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 15 | വിവിധ റർബൻ മിഷൻ പദ്ധതികൾ | 2019-20 | KSEB | 7672180 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 16 | വിവിധ റർബൻ മിഷൻ പദ്ധതികൾ | 2019-20 | SILK | 1095000 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 17 | പൈപ്പ് ലൈൻ നീട്ടൽ | 2020-21 | KSEB | 3806284 | 2012568 | 1793716 |
| 18 | 121/22,പോസ്റ്റ് മാറ്റിവെക്കൽ | 2021-22 | KSEB | 49266 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| 19 | 123/22,വിവിധ പാടശേഖരങ്ങളിലൂടെയുള്ള വൈദ്യുത ലൈൻ നീട്ടൽ | 2021-22 | KSEB | 377535 | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

മേൽ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം , പ്രവൃത്തി പൂർത്തീകരണ പത്രം/ശേഷിക്കുന്ന തുകയുടെ തിരിച്ചടവ് എന്നിവയുടെ വിശദ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതും പൂർണ്ണ രേഖപ്പെടുത്തലുകൾ നടത്തി മുൻകൂർ രജിസ്റ്ററിൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരം കാലികമാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി(നം.02/25-11-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിലൂടെയുള്ള സാമ്പത്തിക ഇടപാടുകൾ സുതാര്യമല്ല

എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് ആയ KGB OWN Fund A/C No. 40287100102977ലെ നീക്കിയിരിപ്പ് ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് ബുക്ക് പ്രകാരം 15344151/- രൂപ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ബാങ്ക് പാസ് ബുക്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 9915250.27/- രൂപയുടെ നീക്കിയിരിപ്പ് മാത്രമാണ് കാണുന്നത്. 5428900.73/-രൂപ വ്യത്യാസം. കൂടാതെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പ് 8427886/- രൂപയാണ്.

ആയതിനാൽ മേൽ ബാങ്കിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയുമായി വിശദമായി ഒത്ത് പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ഉപ ഖണ്ഡികകളായി കൊടുക്കുന്നു.

## 1-13-1 അക്കൗണ്ട് ചെയ്യാതെ പണം പിൻവലിച്ചു

പഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് ആയ KGB OWN Fund (A/C No. 40287100102977)ന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പണം പിൻവലിച്ച പല തുകകളും ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല എന്ന് വ്യക്തമായി.
വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം./പിൻവലിച്ച തീയ്യതി | തുക (₹) | ഫയൽ നം, ചെലവിന്റെ ഉദ്ദേശ്യം |
|---|---|---|---|
| 1 | 48130/31.05.2022 | 2,22,880 | 785/2022 - വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന്. |
| 2 | 48119/13.05.2022 | 6,000 | 401/2022 - MCF കെട്ടിട വാടക 04/2022 |
| 3 | 29308/23.03.2023 | 4,305 | 774/2023 - ഓഫീസ് സ്റ്റേഷനറി വാങ്ങിയതിന്റെ ചെലവ് |
| 4 | 29314/30.03.2023 | 35,800 | 1892/2023 - എഞ്ചിനീയർ വിഭാഗം ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ (പ്രൊ.നം 130/2023) |
| 5 | 29311/28.03.2023 | 7,427 | 1234/2023 - ജി.എസ്.റ്റി ഫയലിംഗ് ചാർജ്ജ് |
| | | | 1886/2023 - ടെലിഫോൺ ചാർജ്ജ് 02/2023 |
| | | | 1887/2023 - BSNL CUG ചാർജ്ജ് 02/2023 |
| 6 | 48116/13.05.2022 | 88,783 | 407/2022 - വൈസ് പ്രസിഡന്റിന്റെ യാത്രാപ്പടി 02/2021 - 03/2022 |

| | | | |
|---|---|---|---|
| | | | 534/2022 - ജീവനക്കാരുടെ യാത്രാപ്പടി 03/2021 - 03/2022 |
| 7 | 48114/06.05.2022 | 9,800 | 256/2022 - ജിഗാബിറ്റ് സ്വിച്ച് 24 പോർട്ട് വാങ്ങിയതിന്റെ ചെലവ് |
| 8 | 48113/06.05.2022 | 3,628 | 101/2022 - ഓഫീസ് സ്റ്റേഷനറി വാങ്ങിയതിന്റെ ചെലവ് |
| 9 | 27591/30.09.2022 | 720 | 304/2022 - അങ്കണവാടി നം. 71 ഇലക്ട്രിസിറ്റി മീറ്റർ മാറ്റിസ്ഥാപിക്കുന്നതിന് |
| 10 | 48124/22.07.2022 | 3,883 | 57/2022 - ഹോമിയോ ഡിസ്പെൻസറിയുടെ സ്റ്റേഷനറി ചെലവ് |
| 11 | 48972/12.07.2022 | 4,054 | 1540/2022 - ടേക്ക്-എ-ബ്രേക്ക് വൈദ്യുതീകരണം |
| 12 | 48979/18.07.2022 | 3,300 | 15000/2022 - റിഫ്രഷ്മെന്റ് ചെലവ് |
| 13 | 48103/21.05.2022 | 28,690 | 463/2022 - എടപ്പാൾ സി.എച്ച്.സി യിലെ ഡാറ്റ എൻട്രി ഓപ്പറേറ്റർക്ക് വേതനം 02/2022 - 04/2022 |
| 14 | 48128/22.07.2022 | 2,593 | 58/2022 - ഹോമിയോ ഡിസ്പെൻസറിയുടെ ഇലക്ട്രിസിറ്റി ചാർജ്ജ് |
| 15 | 48977/02.08.2022 | 6,750 | 1182/2022 - ജലനടത്തം, ജലസഭ - അനൗൺസ്മെന്റ്, അനുബന്ധ ചെലവുകൾ |
| 16 | 48996/02.08.2022 | 84,116 | 1551/2022 - സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് |
| | | | 1875/2022 - ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ വൈദ്യുതി ചാർജ്ജ് |
| 17 | 47573/13.05.2022 | 750 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |
| 18 | 26581/17.05.2022 | 11,968 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |
| 19 | 48100/05.05.2022 | 5,000 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |
| 20 | 47571/18.05.2022 | 4,310 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |
| 21 | 48978/15.07.2022 | 12,600 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |
| 22 | 48101/21.05.2022 | 25,200 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |
| 23 | 48102/23.05.2022 | 15,559 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |
| 24 | 27565/26.08.2022 | 4,35,380 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |
| 25 | 27566/25.08.2022 | 4,35,380 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |
| 26 | 27577/01.09.2022 | 8,50,187 | ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല |

ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ പിൻവലിച്ച തുകകളുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ചില പിൻവലിക്കലുകളുടെ ഫയലുകൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ചെലവ് വൗച്ചർ അംഗീകരിച്ചിട്ടില്ല എന്ന് വ്യക്തമായി. കൂടാതെ പിൻവലിച്ച ചില തുകകളുടെ ഫയൽ ഐ.എൽ.ജി.എം.എസിൽ ലഭ്യവുമല്ല (ക്രമനം 17 മുതൽ 26 വരെ). പേമെന്റ് വൗച്ചറുകൾ തയ്യാറാക്കാതെയുള്ള മേൽ പിൻവലിക്കലുകൾ ബാങ്ക് ബുക്കിൽ പ്രതിഫലിക്കപ്പെടാത്തതിനാൽ ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ മേൽ പിൻവലിക്കലുകളിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ ഉണ്ടോ എന്ന് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അക്കൗണ്ട് ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച എന്നുള്ളത് ഗൗരവതരമായ അപാകതയാണ്. പഞ്ചായത്തിന്റെ വാർഷികകണക്ക് യഥാർത്ഥ ചെലവിനെ പ്രതിഫലിപ്പിക്കുന്നില്ല എന്നും ഇതിൽ നിന്ന് വ്യക്തമാണ്. ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർക്ക് വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് മുഖേനയുള്ള പണമിടപാടുകളിൽ ഏതെങ്കിലും തരത്തിലുള്ള പണാപഹരണം നടന്നിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് അക്കൗണ്ട് മുഖേനയുള്ള മുഴുവൻ പണമിടപാടുകളും വിശദമായി പരിശോധന നടത്തേണ്ടതും ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിച്ച് തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-13-2 തെറ്റായ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി

പഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് ആയ KGB OWN Fund (A/C No. 40287100102977)ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്
പരിശോധിച്ചതിൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിയിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്ന് രേഖപ്പെടുത്തിയ പല തുകകളും സെക്രട്ടറി ചെക്ക് മുഖേനയോ നെഫ്റ്റ് വിത്ത്ഡ്രോവലിലൂടെയോ പിൻവലിക്കപ്പെട്ടിട്ടുള്ളതാണ്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം./പിൻവലിച്ച തീയ്യതി | തുക (₹) | പേയ്മെന്റ് ഓർഡർ സെക്രട്ടറി അംഗീകരിച്ച തീയ്യതി |
|---|---|---|---|
| 1 | 48130/31.05.2022 | 2,22,880 | 01.06.2022 |
| 2 | 48119/13.05.2022 | 6,000 | 24.06.2022 |
| 3 | 29314/30.03.2023 | 35,800 | 31.03.2023 |
| 4 | 48114/06.05.2022 | 9,800 | 07.05.2022 |
| 5 | 48113/06.05.2022 | 3,628 | 10.07.2022 |

2.ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ താഴെപ്പറയുന്ന ചെക്കുകൾ Cheque Deposited But Not Cleared എന്ന ഇനത്തിൽ വ്യത്യാസമായി രേഖപ്പെടുത്തിയിട്ടുള്ളവയാണ്. എന്നാൽ, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ചെക്കുകൾ ക്ലിയർ ചെയ്ത് തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം./തീയ്യതി | തുക (₹) | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ക്രെഡിറ്റ് ആയ തീയ്യതി |
|---|---|---|---|
| 1 | S34049724/309 /14.02.2023 | 1,250 | 14.02.2023 |
| 2 | S40452952/274 /21.02.2023 | 5,550 (4,742 + 808) | 21.02.2023 |
| 3 | S40452952/273 /21.02.2023 | 5,473 | 21.02.2023 |
| 4 | S40452952/275 /21.02.2023 | 8,673 | 21.02.2023 |
| 5 | 590159/15.09.2022 | 2,000 | 01.10.2022 |

3. ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ താഴെപ്പറയുന്ന തുകകൾ Directly Credited By Bank എന്ന ഇനത്തിൽ വ്യത്യാസമായി രേഖപ്പെടുത്തിയിട്ടുള്ളവയാണ്. എന്നാൽ, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഇപ്രകാരമുള്ള തുകകൾ യഥാർത്ഥത്തിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | തുക (₹)/തീയ്യതി |
|---|---|
| 1 | 8,994/05.08.2022 |
| 2 | 8,98,713/30.04.2022 |
| 3 | 9,157/31.05.2022 |
| 4 | 25,34,950/31.03.2023 |
| 5 | 5,11,842/31.10.2022 |

4.ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ താഴെപ്പറയുന്ന ചെക്കുകൾ Cheque Issued But Not Presented For Payment എന്ന ഇനത്തിൽ വ്യത്യാസമായി രേഖപ്പെടുത്തിയിട്ടുള്ളവയാണ്. എന്നാൽ, ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ചെക്കുകൾ പ്രകാരം തുകകൾ അക്കൗണ്ടിൽ നിന്നും പിൻവലിയ്ക്കപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം./തീയ്യതി | തുക (₹) | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തീയ്യതി |
|---|---|---|---|
| 1 | 48140/31.05.2022 | 24,325 | 20.08.2022 |
| 2 | 48978/15.07.2022 | 6,300 | 19.07.2022 (ചെക്ക് പ്രകാരമുള്ള ആകെ 12,600 രൂപ പിൻവലിച്ചിട്ടുണ്ട്.) |
| 3 | 27572/30.08.2022 | 2,977 | 01.09.2022 |
| 4 | 27574/30.08.2022 | 70,000 | 31.08.2022 |
| 5 | 27558/17.08.2022 | 17,365 | 19.08.2022 |

റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 കറന്റ് അക്കൗണ്ടിൽ വലിയ തുക സൂക്ഷിക്കുന്നു

2022-23വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി എസ്.ബി.ഐ യിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-67385549567) 01.04.22 ന് 1467623/- രൂപ മുൻബാക്കിയും 31.3.2023 ന് 2876154/- രൂപ നീക്കിയിരിപ്പും ഉണ്ട്.

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തിയത് പലിശയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/29.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അക്കൗണ്ടിൽ നിന്നും തുക സേവിംഗ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലോൺ ഇനത്തിലെ നീക്കിയിരിപ്പ് -അപാകത

എടപ്പാൾ ഗ്രാമ പഞ്ചായത്ത് ഇ.എം.എസ് ഭവന പദ്ധതിക്കായി 2010-2011 ൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് 11885000/- രൂപ വായ്പ എടുത്തിട്ടുണ്ട്.മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ 17.05.2022 ലെ Ref/Loans/EMS Bhavanapadhathi/2022-2023 മെമ്മോയുടെ കൂടെ പുറപ്പെടുവിച്ചിട്ടുള്ള റീ കാൽകുലേറ്റഡ് സ്റ്റേറ്റ്മെന്റ് പ്രകാരം പ്രകാരം എടപ്പാൾ ഗ്രാമ പഞ്ചായത്ത് ടി ലോണിലേക്ക് അടവാക്കാനുള്ള തുക 1961607/- രൂപയായി കാണിച്ചിട്ടുണ്ട് .ആയതിലേക്ക് പഞ്ചായത്ത് 138/2023 (ഇ.എം.എസ് ഹൗസ് ലോൺ റീപേമെന്റ്) പ്രകാരം പദ്ധതി വെക്കുകയും മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ 090301000900044 അക്കൗണ്ടിലേക്ക് 1961607/- രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ വാർഷിക കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം സെക്യൂർഡ് ലോൺ ഫ്രം കോപറേറ്റീവ് ബാങ്ക് ഇനത്തിൽ ബാധ്യതയായി 3842645/- രൂപയാണ് കാണിച്ചിട്ടുള്ളത്.ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കേരള സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ മാനേജർക്ക് 03.05.2023 ന് അയച്ച എ2-02/2023 നമ്പർ കത്തിൽ ടി വായ്പ അവസാനിപ്പിച്ചതിന്റെ സാക്ഷ്യപത്രം അനുവദിച്ച് തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റേയും വാർഷിക കണക്കിലെ അപാകതയുടേയും കാര്യത്തിൽ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം1/25.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വായ്പ തിരിച്ചടവ് അവസാനിച്ചിട്ടുണ്ടെങ്കിൽ ബാങ്കിൽ നിന്ന് ആയതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലത്തതിനാൽ വാർഷിക കണക്കിലെ B-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ കണക്കുകളുടെ ആധികാരികത വ്യക്തമല്ല.

## 1-16 പെർമിറ്റ് കൂടാതെ കെട്ടിടത്തിൽ അധിക പ്രവർത്തനം നടത്തി

1902/22 തീയ്യതി 01.08.2022 നമ്പർ ഫയൽ പ്രകാരം അബൂബക്കർ പഞ്ചലിക്കുന്നത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള 8/316-C, 8/316-D എന്നീ നമ്പറുകൾ നൽകിയിട്ടുള്ള കടമുറികൾ വിഭജിച്ച് 8/316-C,8/316-C1 8/316-C2, 8/316-C3, 8/316-D, 8/316-D 1,8/316-D 2,8/316-D 3 എന്നിങ്ങനെ നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ ബാക്ക് ഫയലുകൾ (കെട്ടിടത്തിന് മുമ്പ് നമ്പർ അനുവദിച്ച ഫയലും പെർമിറ്റ് ഫയലും) എൻക്വയറി നമ്പർ മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം സ്ഥലപരിശോധന നടത്തിയപ്പോൾ(ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ) ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.മേൽ ഫയൽ പ്രകാരം 170.42 സ്ക്വയർ മീറ്റർ (G.F-75.07 SQM, F.F-95.35 SQM) വിസ്തീർണ്ണമുള്ള ബിൽഡിംഗിനാണ് നമ്പർ നൽകിയിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധന നടത്തിയപ്പോൾ ഒന്നാം നിലയുടെ അതേ വിസ്തൃതിയിൽ രണ്ടാം നിലയും പണി പൂർത്തിയാക്കിയതായി കണ്ടു. ആയതിന് പഞ്ചായത്തിൽ നിന്നും പെർമിറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2.കെട്ടിടത്തിന്റെ ഒന്ന്,രണ്ട് നിലകളിൽ നിന്ന് റോഡിലേക്കുള്ള അകലം(ഫ്രണ്ട് യാർഡ്) നിലവിൽ 1.8 മീറ്റർ മാത്രമാണ് . കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ2019 റൂൾ 23 പ്രകാരം റോഡിൽ നിന്ന് 3 മീറ്ററിനുള്ളിൽ ചുറ്റമതിൽ, വേലി, പുറത്തുള്ള പ്രദർശന എടുപ്പുകൾ എന്നിവയെഴികെ യാതൊരു നിർമ്മാണവും പാടുള്ളതല്ല.

3.നിലവിൽ കെട്ടിടത്തിന് മൂന്ന് നിലകളിലായി 10 മീറ്റർ ഉയരമുണ്ട്.കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2019 റൂൾ 26(4)ടേബിൾ 4 പ്രകാരം 10 മീറ്റർ വരെ ഉയരമുള്ള കെട്ടിടങ്ങൾക്ക് ബാക്ക് യാർഡ് 2 മീറ്റർ ഉണ്ടാകേണ്ടതാണ്(7 മീറ്ററിൽ ഉയരമുള്ള കെട്ടിടമായതിനാൽ അടുത്തുള്ള കെട്ടിട ഉടമയുടെ സമ്മതത്തോടെയാണെങ്കിലും) .എന്നാൽ മേൽ കെട്ടിടത്തിന് ബാക്ക് യാർഡ് 45cm മാത്രമാണ് നൽകിയിട്ടുള്ളത്.

4.രണ്ടാം നില ഉൾപ്പെടെ കെട്ടിടത്തിന് 265.77 സ്ക്വയർ മീറ്റർ വിസ്തീർണ്ണമാണ് ഉള്ളത്. ആയത് പ്രകാരം കെട്ടിടത്തിന് അംഗ പരിമിതർക്കുള്ളത് ഉൾപ്പെടെ മൂന്ന് പാർക്കിംഗ് സൗകര്യവും(5.5x2.7x2+5.5x3.6=34.65ച.മീ)ഇരു ചക്ര വാഹനങ്ങൾക്കുള്ള പാർക്കിംഗിന് ആയതിന്റെ 25% (8.7ച.മീ)സൗകര്യവും കൂടി ആകെ 43.45ച.മീ ആവശ്യമാണ്. എന്നാൽ മേൽ കെട്ടിടത്തിന് ആവശ്യമായ തുറസ്സായ സ്ഥലത്തിന്റെ 50% കിഴിച്ച് 40 ച.മീറ്റർ മാത്രമാണ് ഉള്ളത്.

5. മേൽ കെട്ടിടത്തിന് കംപ്ലീഷൻ പ്ലാൻ പ്രകാരം 170.42 സ്ക്വയർ മീറ്റർ (G.F-75.07 SQM, F.F-95.35 SQM) ആണ് ഉള്ളത്(രണ്ടാം നില കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല).ആയത് പ്രകാരം സഞ്ചയയിൽ

100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിട വിഭാഗത്തിൽ ഉൾപ്പെടുത്തി നമ്പർ അനുവദിച്ച് നികുതി നിർണ്ണയിക്കുന്നതിന് പകരം കടമുറികൾ വിഭജിച്ച് നൽകിയപ്പോൾ 100ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിട വിഭാഗത്തിൽ ഉൾപ്പെടുത്തിയത് കാരണം വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കടമുറിക്ക് അനുവദിച്ച നമ്പർ | കടമുറിയുടെ വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | ചതുരശ്ര മീറ്ററിന് ഈടാക്കിയ തുക | സഞ്ചയ പ്രകാരം ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 8/316-C1 | 18.76 | 40 | 60 |
| 8/316-C2 | 18.76 | 40 | 60 |
| 8/316-C3 | 18.76 | 40 | 60 |
| 8/316-D1 | 23.83 | 40 | 60 |
| 8/316-D2 | 23.83 | 40 | 60 |
| 8/316-D3 | 23.83 | 40 | 60 |

8/316-C(18.79ച.മീ), 8/316-D(23.83ച.മീ) കടമുറികൾക്ക് സഞ്ചയ പ്രകാരം ച.മീറ്ററിന് 60/- രൂപ ഈടാക്കുന്നുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/30.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നത് വരെ ടി കെട്ടിടം അനധികൃത കെട്ടിട വിഭാഗത്തിൽ ഉൾപ്പെടുത്തി ക്രമ പ്രകാരമുള്ളതിന്റെ മൂന്നിരട്ടി വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി പിരിവിൽ അപാകത

ഗ്രാമ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.എടപ്പാൾ അർബൻ കോപറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനം തൊഴിൽ നികുതി റിട്ടൺ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

മേൽ സ്ഥാപനത്തിന്റെ 2022-23 വർഷത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കാൻ ആവശ്യപ്പെട്ട് ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2. ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷനലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ,സൂപ്പർവൈസർമാർ,വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി (11/29.11.2023) നൽകിയ മറുപടി പ്രകാരം പരാമർശിക്കപ്പെട്ട വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മേൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 വാടക കെട്ടിടത്തിന്റെ പ്രവർത്തനത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്ത് എടപ്പാൾ ടൗണിൽ 16 കടമുറികൾ വാടകക്ക് നൽകുന്നുണ്ട്.വാടക രജിസ്റ്റർ പരിശോധിച്ചപ്പോൾ മിക്ക കടമുറികൾക്കും വളരെ കുറഞ്ഞ നിരക്കിൽ ആണ് വാടക ഈടാക്കുന്നത് . കടമുറികളുടെ വാടക വിവരം ചുവടെ കൊടുക്കുന്നു.

| കടമുറിയുടെ നമ്പർ | കട നടത്തിപ്പുകാരന്റെ പേര് | ഈടാക്കുന്ന പ്രതിമാസ വാടക (G.S.T ഉൾപ്പെടെ) |
|---|---|---|
| 8/243 | സുരേന്ദ്രൻ | 1521 |
| 8/249 | സുരേന്ദ്രൻ | 1490 |
| 8/250 | സുരേന്ദ്രൻ | 1224 |
| 8/244 | വേലായുധൻ | 1594 |
| 8/246 | വേലായുധൻ | 834 |
| 8/247 | വേലായുധൻ | 465 |
| 8/245 | മോഹനൻ | 1594 |
| 8/248 | മോഹനൻ | 1264 |
| 10/109 A | രാധാകൃഷ്ണൻ | 3065 |
| 10/109B | ഷൺമുഖൻ | 3015 |
| 10/109C | ജിൽദേഷ് | 3000 |
| 10/109D | ദീപ്തി | 3305 |
| 10/109E | ഷാജി | 3296 |
| 10/109G 10/109H 10/109I | സിവിൽ സപ്ളൈ കോർപ്പറേഷൻ | 1798(മൂന്ന് കടമുറികൾക്ക കൂടി) |

ഒരു കടമുറിക്ക് മാത്രം (10/109) പ്രതിമാസം 6820 രൂപ വാടക നിശ്ച്ചയിച്ച് ഈടാക്കി വരുന്നുണ്ട്. ഒരേ കെട്ടിടത്തിലെ വ്യത്യസ്ഥ റൂമുകളുടെ വാടകയിൽ വൻ അന്തരം വന്നിട്ടുണ്ട്. വാടക കെട്ടിടത്തിന്റെ ബൈലോയും കടമുറികൾ ലേലം ചെയ്തതിന്റേയും രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/30.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കടമുറികളുടെ വാടക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 തെരുവ് നായ വാക്സിനേഷൻ പദ്ധതിയിലെ അപാകതകൾ

പ്രൊജക്ട് : തെരുവ് നായ വാക്സിനേഷൻ(190/22)

അടങ്കൽ :50000(തനത് ഫണ്ട്)

ചെലവ്: XY 1594480 തീയ്യതി28.03.23 തുക50000/-

നിർവ്വഹണോദ്യോഗസ്ഥൻ: വെറ്റിനറി സർജൻ

തെരുവ് നായകൾക്ക് വാക്സിനേഷൻ നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.ആയതിലേക്കായി ക്വട്ടേഷൻ മുഖേന താഴ്ന്ന നിരക്കിൽ ക്വാട്ട് ചെയ്ത ക്ലാസിക്കോ ഹോം സെന്റർ വട്ടംകുളം എന്ന സ്ഥാപനത്തിൽ നിന്ന് 23500/- രൂപ ചെലവഴിച്ച് (ഇൻവോയ്സ്-EDPL11456/23.02.23)ഒരു റെഫ്രിജറേറ്ററും Surgchem തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് 19500/-രൂപ ചെലവഴിച്ച് (ഇൻവോയ്സ്-V206/14.03.23) Squeeze Cage For Dog-ഉം വാങ്ങിയിട്ടുണ്ട്. (7000/- രൂപ വാക്സിനേഷൻ മരുന്നുകൾക്കും നോട്ടീസിനുമായി ചെലവഴിച്ചിട്ടുണ്ട്). മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മേൽ കൊടുത്തത് പ്രകാരം പദ്ധതിയിലേക്കായി പർച്ചെയ്സുകൾ നടത്തിയിട്ടുണ്ടെങ്കിലും തെരുവ് നായകൾക്ക് വാക്സിനേഷൻ നൽകിയതായി കാണിക്കുന്ന യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. നായകളെ പിടികൂടുന്നതിലേക്കായി ആരെയെങ്കിലും നിശ്ചയിച്ചതായോ പിടി കൂടിയ നായകളുടെ എണ്ണമോ ഉപയോഗിക്കപ്പെട്ട വാക്സിന്റെ അളവോ അവശേഷിക്കുന്ന വാക്സിന്റെ അളവോ ഒന്നും ലഭ്യമല്ല.രേഖകൾ പ്രകാരം GK Diagnostic എന്ന സ്ഥാപനത്തിൽ നിന്ന് (ഇൻവോയ്സ്-GB1103/01.03.23) പ്രകാരം 5000/- രൂപ ചെലവഴിച്ച് വാക്സിനും അനുബന്ധ വസ്തുക്കളും പർച്ചെയ്സ് ചെയ്തിട്ടുണ്ട്. ആയതിന്റെ എക്സ്പെയറി തീയ്യതി കഴിയുന്നത് വരെ ഉപയോഗിക്കാതിരുന്നാൽ ആയത് ഉപയോഗ ശൂന്യമാകുന്നതാണ്.

2.ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. എന്നാൽ മേൽ പർച്ചേസ് GeM വഴി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/30.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിക്കായി 50000/- രൂപ ചെലവഴിച്ച് പർച്ചെയ്സുകൾ നടത്തിയിട്ടും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 50000/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പട്ടികപ്പെടുത്തിയ പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ വിനിയോഗ വിവരം/ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം | വിവരണം | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | 94/23,വിവിധ പാടശേഖരങ്ങളിലൂടെയുള്ള വൈദ്യുതി ലൈൻ നീട്ടൽ (KSEB- നിക്ഷേപ പ്രവൃത്തി) | 49,832/- (ചെക്ക് നം.XY1594478/ 28.3.23) - തനത് ഫണ്ട് | വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല |
| 2 | 95/23,ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (KSEB- നിക്ഷേപ പ്രവൃത്തി) | 8976/-(BRN22151252002000884576 /8.12.22) | വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല |
| | | 20968/- (BRN22151252002000884574/8.12.22) | |
| | | 8134/-(BRN22151252002000884579 /8.12.22) | |
| | | 5797/- (BRN22151252002000884577/8.12.22) | |
| | | 11879/-(BRN22151252002000884575 /8.12.22) | |
| | | 6365/-(BRN22151252002001535969 /28.3.23) | |
| | | 8427/-(BRN22151252002001535933 /28.3.23) | |
| | | 16214/-(BRN22151252002001573233 /30.3.23) | |
| | | **ആകെ:86760** (വികസന ഫണ്ട് ജനറൽ) | |
| 3 | 185/23,പെരുമ്പറമ്പ് അങ്കണവാടിയിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ (KSEB- നിക്ഷേപ പ്രവൃത്തി) | 34856/- (BRN22151252002001373089/14.3.23) (വികസന ഫണ്ട് ജനറൽ) | വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല |
| 4 | 112/23, PMAY വിഹിതം നൽകൽ | 210000 /-(ബിൽ നം.136/14.12.22) | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല |
| | | 70000 /-(ബിൽ നം.175/11.01.23) | |
| | | 70000 /-(ബിൽ നം.194/13.01.23) | |
| | | **ആകെ: 350000** (വികസന ഫണ്ട് ജനറൽ) | |
| 5 | 113/23, PMAY അധിക വിഹിതം നൽകൽ | 420000/-(ബിൽ നം.51/10.10.22) | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല |
| | | 140000/- (ബിൽ നം.176/11.01.23) | |

| | | | |
|---|---|---|---|
| | | 210000 (ബിൽ നം.194/11.01.23) | |
| | | **ആകെ: 770000** (വികസന ഫണ്ട് SCP) | |
| 6 | 29/23, ജില്ലാ പ്ലാനിംഗ് & റിസോഴ്സ് സെന്റർ നിർമ്മാണം- DDP മലപ്പുറത്തിന് നൽകിയത് | 265000/- (ചെക്ക് നം. XY1594465/28.01.23) തനത് ഫണ്ട് | കൈപ്പറ്റ് രശീതി , വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| | **ആകെ** | **15,56,448-00** | |

പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 24/30.11.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാകുന്നതുവരെ 15,56,448 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-21 ടെക്നിക്കൽ സർവീസ് - ആദായ നികുതി പിടിച്ചതിൽ കുറവ്

പ്രൊജക്ട്: 001//23, ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ

നിർവ്വഹണം : സെക്രട്ടറി

22151252002000962795/27.12.22 : 12,370 (വികസന ഫണ്ട് ജനറൽ)

ചെക്ക് നമ്പർ : 148/27.12.22 :1,80,000 (CFC)

ആകെ :1,92,370

ഇൻകം ടാക്സ് നിയമം 194J സെക്ഷൻ പ്രകാരം 30000 രൂപയ്ക്ക് മുകളിലുള്ള ടെക്നിക്കൽ സർവീസ് പേയ്മെന്റുകൾക്ക് 2% TDS നടത്തണം. മേൽ പ്രൊജക്ട് പ്രകാരം ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ പ്രവർത്തനങ്ങൾക്ക് IRTC മുണ്ടൂരിന് നൽകിയ പേയ്മെന്റുകൾക്ക് പ്രസ്തുത നിരക്കിന് പകരം 1% നിരക്കിലാണ് ടി.ഡി.എസ്.നടത്തിയിരിക്കുന്നത്. നിയമപ്രകാരമുള്ള നിരക്കിൽ നികുതി പിടിച്ച് അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കരാർ 04.11.22 മുതൽ ആയതിനാൽ മുൻ വർഷത്തെ പേയ്മെന്റിലെ TDS കുറവും നികത്തി വിവരം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.27/30.11.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായ നികുതി പൂർണ്ണമായി ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 TAKE A BREAK Toilet നിർമ്മാണം - ആദായ നികുതി കുറവായി ഈടാക്കി- കരാറുകാരന് അധികം നൽകിയത് 9562 രൂപ

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടത്തിയ താഴെ പറയുന്ന പ്രവൃത്തിയിൽ ആദായ നികുതി കുറവായി ഈടാക്കിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക തുക കരാറുകാരന് നൽകി.

പ്രോജക്റ്റ് - SO040/23

ഫണ്ട് - ശുചിത്വമിഷൻ ഫണ്ട് & ധനകാര്യ കമ്മീഷൻ ഗ്രാന്റ്

Voucher-XVFC/22-23/P/19 /27.3.23 – 3,00,000

XVFC/22-23/P/20 /27.3.23 – 6,21,000

Cheque – XY 1594488/27.3.23 – 2,07,299 (ശുചിത്വമിഷൻ ഫണ്ട്)

എം. ബുക്ക് - 793/21-22, 766/21-22, 120/21-22

കരാർ - 42/11.3.22 (E Tender )

മൂല്യനിർണ്ണയം - 11,28,299 (956185.50 + 172113.39 (18% GST))

കരാറുകാരൻ - ANPU INFRA (Company)

Cost Index -36.44% (DSoR 2018)

Esti. No.- 2021/90429

TS- 81408/6.2.22 –12,81,000

പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ആദായ നികുതി 2% ഈടാക്കുന്നതിന് പകരം 1% ഈടാക്കിയത് വഴി കരാറുകാരന് അധികം തുക നൽകി.

Final Bill – 956185.50 (Valuation Except GST)

IT ഈടാക്കേണ്ടത് 2% - 19124 ( As Per Income Tax Act 1961, Sec.194C)

ഈടാക്കിയത് 1% - 9562

കരാറുകാരന് അധികം നൽകിയ തുക = 9562

കരാറുകാരന് അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/25.11.23) അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. 9562 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്

## 1-23 മരാമത്ത് പ്രവൃത്തിയിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 7594 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച തുകകൾ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| പ്രവൃത്തി | അപാകത | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|---|
| കാവുകുളം കനാൽ റോഡ് ഡ്രൈനേജ് പ്രവൃത്തി **(SO035/23)** | തെറ്റായ ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി | 8 / 25.11.23 | 913 | 1230104015/29.11.23 |
| Take A Break Toilet നിർമ്മാണം ( SO040/23) തുയ്യം GLPS സാനിറ്ററി കോംപ്ലക്സ് നിർമ്മാണം ( SO048/23) അംഗൻവാടികളുടെ പുനരുദ്ധാരണം ( SO043/23) | റാന്റം റബിൾ (RR) മേസനറി - പ്രവൃത്തിക്ക് അധിക നിരക്ക് നൽകി | 5 / 25.11.23 | 4053 | 1230104035/30.11.23 |
| അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക ( SO018/23) | ആദായ നികുതി ഈടാക്കിയില്ല. | 10/ 25.11.23 | 2628 | 1230104038/30.11.23 |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആദായ നികുതി 2628 രൂപ ആദായ നികുതി വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

## 1-24 തൊഴിലുറപ്പ് പദ്ധതി - യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ നിരക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകി - പ്രവൃത്തികളിലുണ്ടായ അധിക ചെലവ് 6,07,787.20 രൂപ

2022-23 സാമ്പത്തിക വർഷത്തിൽ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ നിരക്ക് എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

MGNRGA -യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE എന്ന സോഫ്റ്റ്‌വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്‌വെയറിൽ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (Local Market Rate - Rs. 614/ 50kg Bag) വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിന് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവൂ എന്നും MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രവൃത്തികൾക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന്റെ നിരക്ക് 640/ 50kg Bag (Local Market Rate) രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ മുഹമ്മദ് ഇക്ബാൽ.എ എന്ന വ്യക്തിയാണ് ടെണ്ടർ കൊണ്ടിട്ടുള്ളത്. ടെണ്ടർ ഷെഡ്യൂളുകളിൽ SECURE സോഫ്റ്റ്‌വെയറിൽ ഉള്ള നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത് അതുകൊണ്ട് തന്നെ യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കാതെ ടെണ്ടർ ക്ഷണിച്ചത് കാരണം പ്രവൃത്തികളിൽ താഴെ പറയും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

(ടെണ്ടർ കാലയളവിൽ ഒരു ചാക്ക് സിമന്റിന്റെ യഥാർത്ഥ മാർക്കറ്റ് നിരക്ക് പരമാവധി 450/- രൂപയാണ്)

| ക്ര.ന | പ്രവൃത്തിയുടെ വിവരം | സിമന്റിന്റെ അളവ് (Tonne/ Bag) | സിമന്റ് വാങ്ങിയതിന് നൽകിയ തുക | | സിമന്റ് വാങ്ങിയതിന് നൽകാവുന്ന തുക (മാർക്കറ്റ് റേറ്റ് പ്രകാരം) | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| | | | ഒരു Tonne / ഒരു ചാക്ക് -ന്റെ വില | ആകെ | ഒരു Tonne / ഒരു ചാക്ക് -ന്റെ വില | ആകെ | |
| 1 | അയിലക്കാട് MP ഫ്ലവർ മില്ല് സഖാവ് പത്മനാഭൻ സ്മാരക റോഡ് നിർമ്മാണം [ആകെ ചെലവ്- 324555/-, ആകെ മെറ്റീരിയൽ ചെലവ്- 287835 Inv No. 04/24.05.2022, Vr No. ML461/26.05.2022 | 12.5 /250 Bags | 12800 /640 | 160000 | 9000 /450 | 112500 | 47500 |
| 2 | വള്ളത്തോൾ കോളേജ് റോഡ് നിരക്കാണ് [ആകെ ചെലവ്- 432002/-, ആകെ മെറ്റീരിയൽ ചെലവ്- 390626 Inv No. 1/9.01.2022, Vr No. ML8094/12.04.2022 | 16.55 /331 Bags | 12800 /640 | 211840 | 9000 /450 | 148950 | 62890 |
| 3 | അയിലക്കാട് കോട്ടമുക്ക് അത്താണി റോഡ് [ആകെ ചെലവ്- 382387/- ആകെ മെറ്റീരിയൽ ചെലവ്- 346413 , Inv No. 19/21.04.2022, Vr No. ML100/21.04.2022, | 14.68 /293.6 Bags | 12800 /640 | 187904 | 9000 /450 | 132120 | 55784 |
| 4 | മുനമ്പ് രാജേട്ടൻ പടി റോഡ് [ആകെ ചെലവ്- 248202/- ആകെ മെറ്റീരിയൽ | 9.6 /192 Bags | 12800 /640 | 122880 | 9000 /450 | 86400 | 36480 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ചെലവ്- 226531, Inv No. 1/01.03.2022, Vr No. ML7994/6.04.2022 | | | | | | |
| 5 | കുണ്ടുപാങ്ങാട് റോഡ് കോൺക്രീറ്റ് [ആകെ ചെലവ്- 239498/ ആകെ മെറ്റീരിയൽ ചെലവ്- 215495 -, Inv No. 05/6.04.2022, Vr No. ML8004/6.04.2022, | 9.13 /182.6 Bags | 12800 /640 | 116864 | 9000 /450 | 82170 | 34694 |
| 6 | തുയ്യം മനക്കൽ താഴം റോഡ് കോൺക്രീറ്റിംഗ് [ആകെ ചെലവ്- 457665/- ആകെ മെറ്റീരിയൽ ചെലവ്- 408907, Inv No. 06/07.12.2022, Vr No. ML5257/07.12.2022 | 17.41 /348.28 Bags | 12800 /640 | 222848 | 9000 /450 | 156690 | 66158 |
| 7 | ശാന്തി നഗർ റോഡ് കോൺക്രീറ്റിംഗ് [ആകെ ചെലവ്- 213894/-, ആകെ മെറ്റീരിയൽ ചെലവ്- 192113 Inv No. 3/20.12.2022, Vr No. ML5692/20.12.2022 | 8.18 /163.60 Bags | 12800 /640 | 104704 | 9000 /450 | 73620 | 31084 |
| 8 | പൊന്നാഴിക്കര പാലാട്ടേൽ ഇടവഴി റോഡ് കോൺക്രീറ്റിംഗ് [ആകെ ചെലവ്- 363715/-, ആകെ മെറ്റീരിയൽ ചെലവ്- 327127 Inv No. 02/20.12.2022, Vr No. ML5688/20.12.2022, | 13.93 /278.60 Bags | 12800 /640 | 178304 | 9000 /450 | 125370 | 52934 |
| 9 | ഉദിനിക്കര താഴെ പൊറ്റക് റോഡ് [ ആകെ പ്രവൃത്തി | 13.65 /273 Bags | 12800 /640 | 174720 | 9000 /450 | 122850 | 51870 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ചെലവ്- 379219<br>ആകെ മെറ്റീരിയൽ ചെലവ്- 330925/-, Inv No. 13/25.03.23, Vr No. ML8159/25.03.23 | | | | | | |
| 10 | കോട്ടപ്പുറം കൊയറ്റത്ത് റോഡ് കോൺക്രീറ്റ്- [ ആകെ പ്രവൃത്തി ചെലവ്- 220905<br>ആകെ മെറ്റീരിയൽ ചെലവ്- 200444.94/-, Inv No. 15/06.04.22, Vr No. ML8002/06.04.22 | 8.424 /168.48 Bags | 12800 /640 | 107827.20 | 9000 /450 | 75816 | 32011.20 |
| 11 | വല്യാട് GLPS കിഴക്ക് വശം റോഡ് കോൺക്രീറ്റ്- [ ആകെ പ്രവൃത്തി ചെലവ്- 351317<br>ആകെ മെറ്റീരിയൽ ചെലവ്- 310210/-, Inv No. 03/14.12.22, Vr No. ML5482/14.12.22 | 13.21 /264.2 Bags | 12800 /640 | 169088 | 9000 /450 | 118890 | 50198 |
| 12 | ചേരിങ്ങൽ റോഡ് നിർമ്മാണം [ആകെ ചെലവ് 292945<br>ആകെ മെറ്റീരിയൽ ചെലവ്- 265546.89/-, Inv No. 07/07.12.22, Vr No. ML5246/07.12.22 | 11.16 /223.20 Bags | 12800 /640 | 142848 | 9000 /450 | 100440 | 42408 |
| 13 | കൊടലിൽ ക്ഷേത്രം മുണ്ടേക്കാട്ട് റോഡ് [ആകെ ചെലവ് 305921<br>ആകെ മെറ്റീരിയൽ ചെലവ്- 270524/-, Inv No. 02/14.12.22, Vr No. ML5744/14.12.22 | 11.52 /230.4 Bags | 12800 /640 | 147456 | 9000 /450 | 103680 | 43776 |
| ആകെ | | | | | | | 6,07,787.20 |

പ്രവൃത്തികളിലുണ്ടായ അധിക ചെലവിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/30.11.23) മറുപടി ലഭ്യമാക്കിയില്ല. MGNREGS മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമപ്രകാരമുള്ള നിർദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല-ബാങ്കിലെ നീക്കിയിരിപ്പ് 1,40,889.50 രൂപ

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എടപ്പാൾ SBI ശാഖയിൽ ഉള്ള 00000037375814840നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 1,40,889.50 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽത്തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

ബാങ്ക് , ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/25.11.23) നീക്കിയിരിപ്പ് തുക ടെണ്ടർ ഫീ ഇനത്തിലുള്ളതാണെന്നും ആയത് 23-24 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയതായി അറിയിച്ചു. ആയത് പരിശോധിച്ച് ബോധ്യപ്പെട്ടു. ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമാകുന്ന തുകകൾ അതാത് വർഷം തന്നെ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ കാഷ്ബുക്ക് ക്രമപ്രകാരം എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-26 തൊഴിലുറപ്പ് പദ്ധതി - മെറ്റിരിയൽ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്നും GST-TDS ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ 2 പേർ പങ്കെടുക്കുകയും ഇതിൽ കുറവ് തുക (16143969രൂപ) ക്വാട്ട് ചെയ്ത മുഹമ്മദ് ഇക്ബാൽ.എ എന്നവരുടെ ടെണ്ടർ 25.11.21 ലെ 9 /2 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പ്രവൃത്തികൾ**

| ക്രമ നം. | പ്രവൃത്തി | എണ്ണം |
|---|---|---|
| 1 | റോഡ് നിർമ്മാണം | 25 |
| 2 | വർക്ക് ഷെഡ് നിർമ്മാണം | 1 |
| 3 | പൊതു കിണർ പുനരുദ്ധാരണം | 1 |
| 4 | കേരസമൃദ്ധി നേഴ്സറി നിർമ്മാണം | 1 |
| 5 | തൊഴുത്ത് നിർമ്മാണം | 55 |
| 6 | NADEP കമ്പോസ്റ്റ് നിർമ്മാണം | 57 |
| 7 | അസോള ടാങ്ക് നിർമ്മാണം | 57 |
| 8 | കോഴിക്കൂട് | 64 |
| 9 | ആട്ടിൻകൂട് | 67 |
| 10 | ന്യൂട്രി ഗാർഡൻ കമ്പോസ്റ്റ് നിർമ്മാണം | 5 |

മേൽ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിൽ 27.12.21 ൽ ചമച്ച കരാർ (നമ്പർ ഇല്ല) പ്രകാരം തൻവർഷത്തിൽ 1,08,78708.38 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. (As Per Vendor Wise Exp.Stmt. For The Year 2022-23 (MGNREGA))

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങളുടെ വാങ്ങൽ 2.5 ലക്ഷത്തിന് മുകളിലാണെങ്കിൽ (ടാക്സ് കിഴിച്ചുള്ള തുക) 2 ശതമാനം ജി എസ് ടി-യിന്മേലുള്ള TDS ഈടാക്കേണ്ടതാണ്. കൂടാതെ MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം പ്രകാരം ഓരോ പ്രവൃത്തിയുടെയും ബിൽ പാസ്സാക്കുമ്പോൾ 2% GST തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബില്ലിൽ നിന്നും കുറവ് ചെയ്ത ശേഷം ബാക്കി തുക മാത്രം FTO ആയി നൽകണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. GST-TDS ആയി പിടിച്ച തുക ഗ്രാമ പഞ്ചായത്ത് GST നിയമപ്രകാരം അടക്കേണ്ടതും TDS ഫയൽ ചെയ്യേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ കരാറുകാരന്/വെണ്ടർ അനുവദിച്ച തുകയിൽ നിന്നും 2% GST ഈടാക്കിയിട്ടില്ല.

കരാറുകാരന് തൻവർഷത്തിൽ അനുവദിച്ച തുക 1,08,78708.38 രൂപ.

2% GST (TDS )ഈടാക്കേണ്ടത് - 2,17,574

GST ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/29.11.23) മറുപടിയായി തുക കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റ് അധികാരികളെ അറിയിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-27 സ്പിൽ ഓവർ പ്രോജക്ടിന് തൻവർഷം പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി -സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക നിരക്കിൽ ധനസഹായം അനുവദിച്ചു.

പ്രോജക്ട് : 31/2023, പട്ടുതാകുളം

നിർവ്വഹണം : സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ഫണ്ട് - തനത്

ചെക്ക് നം : 029306/15.1.2023 : 65,600-00

: XY 159490/27.03.2023 : 1,31 ,200-00

ആകെ : 1,96,800-00

മേൽ രണ്ട് ചെക്കുകളിലായി 6 ഗുണഭോക്താക്കൾക്ക് 32800 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. 2021-22 ൽ സ.ഉ(സാധാ)1009/2020/തസ്വഭവ ,തിയ്യതി 29.5.2020 നമ്പർ ഉത്തരവ് (സുഭിക്ഷ കേരളം പദ്ധതി) പ്രകാരമുള്ള സബ്സിഡി നിരക്ക് ഉൾപ്പെടുത്തി ആവിഷ്കരിച്ച 128/2022 നമ്പർ പ്രോജക്ട് പൂർണ്ണമാകാത്തതിനാൽ തൻവർഷം സ്പിൽ ഓവർ ആയി നടപ്പാക്കിയിരുന്നു. പ്രസ്തുത സ്പിൽ ഓവർ പ്രോജക്ടിലേയ്ക്ക് അധീഷണലായി തൻവർഷം 7 ഗുണഭോക്താക്കളെ 4.11.2022ലെ 7(1) നമ്പർ ഭരണസമിതി തീരുമാനപ്രകാരം തെരെഞ്ഞെടുക്കുകയും അവരിൽ നിന്ന് സർവ്വശ്രീ നിസാമുദ്ദീൻ കുന്നാട്ടെയിൽ, സിറാജ് ബക്കർ ചീരമ്പത്തേൽ, അക്ബർ പറയംവളപ്പിൽ എന്നീ 3 ഗുണഭോക്താക്കൾക്ക് 32800 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതി ഉത്തരവ് 14.02.2018 ലെ സ.ഉ(കൈ)22/2018/ തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ(2018-19 മുതൽ 2021-22വരെ പ്രാബല്യം) യുടെ ഭേദഗതികളും കൂട്ടി ചേർക്കലും ഉത്തരവായിരുന്നു. 2022-23 മുതൽ 28.5.2022 ലെ സ.ഉ(കൈ)115/2022/LSGD നമ്പർ സബ്സിഡി മാർഗ്ഗരേഖയനുസരിച്ചാണ് സബ്സിഡി അനുവദിക്കേണ്ടത്. പ്രസ്തുത സബ്സിഡി മാർഗ്ഗരേഖ 6.4(ബി).12 നമ്പർ ഖണ്ഡിക പ്രകാരം അനുവദനീയമായ സബ്സിഡി 29600 രൂപയാണ്.

സ്പിൽ ഓവർ പ്രോജക്ടിന് തൻവർഷം അധീഷണൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി സബ്സിഡി മാർഗ്ഗ രേഖാ നിർദ്ദേശം ലംഘിച്ച് (32800 - 29600=3200 ) 3 ഗുണഭോക്താക്കൾക്ക് 3200 രൂപ വീതം (ആകെ 9600-00) അധികം അനുവദിച്ചിട്ടുണ്ട്. സബ്സിഡി തുക അധികം നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/25.11.23) മറുപടിയായി അധികം നൽകിയ 9600 രൂപയിൽ 6400രൂപ (2 ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക) Rt.No.1230104020/29.11.23 പ്രകാരം അടവാക്കി. ഈടാക്കാനുള്ള ബാക്കി തുക 3200 രൂപകൂടി ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചു. 3200 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-28 TDS ഈടാക്കി അടവാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതി | അങ്കണവാടി അനുപൂരക പോഷകാഹാരം- ജനറൽ " (25/2022-23) |
| നിർവഹണോദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |
| ചെലവ് | 3242800 രൂപ |

ഈ പദ്ധതിയുടെ ഭാഗമായി ധനശ്രീ കുടുംബശ്രീ അമൃതം ഫുഡ് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം വാങ്ങിയ അമൃതം ഫുഡിന് 5% GST ഉൾപ്പെടെയുള്ള തുകയാണ് നൽകിയിട്ടുള്ളതെങ്കിലും അതിൽ നിന്നും TDS ഈടാക്കി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | ഇൻവോയ്സ് നമ്പർ | തിയ്യതി | തുക | GST | വൗച്ചർ നമ്പർ/ തിയ്യതി |
|---|---|---|---|---|---|
| 1 | 5 | 15.7.2022 | 127522 | 6072 | 22300277, തി:26.3.2023 |
| 2 | 7 | 6.8.2022 | 128844 | 6134 | |
| 3 | 9 | 12.9.2022 | 141271 | 6731 | |
| 4 | 11 | 14.10.2022 | 152806 | 7226 | |
| 5 | 20 | 31.1.2023 | 145530 | 6930 | |
| | | | **695973** | **33093** | |

TDS ഈടാക്കി അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് ICDS സൂപ്പർവൈസർക്ക് നൽകിയ 17/ 29. 11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. GST അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 വെള്ളക്കരം - അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ ജല അതോറിറ്റിയുടെ 290 കുടിവെള്ള പൊതുടാപ്പുകൾക്ക് പ്രതിമാസം 139877 രൂപ വീതം ഡിമാന്റ് ചെയ്തിട്ടുണ്ട്. വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച് സ.ഉ(സാ)1275/2009/ ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവു പ്രകാരം തദ്ദേശ സ്ഥാപനം ജല അതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. സംയുക്ത പരിശോധന നടത്തുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നും സ്വീകിച്ച നടപടി വിവരം ലഭ്യമാക്കിയിട്ടില്ല.
ഡിമാന്റ് നോട്ടീസ് പ്രകാരം യഥാസമയം ഒടുക്ക് വരുത്താതെ 27.01.2023 ലെ XY1594461 നമ്പർ ചെക്ക് പ്രകാരം 10 മാസത്തെ വെള്ളക്കരം 1398770 രൂപ ഒറ്റത്തവണയായി അടവാക്കിയിട്ടുണ്ട്. ഇപ്രകാരം ഒടുക്കുന്നത് പിഴപ്പലിശക്ക് കാരണമാകുന്നതാണ്.

സംയുക്ത പരിശോധന സംബന്ധിച്ച നിലവിലെ സ്ഥിതി വിവരവും വെള്ളക്കരം യഥാസമയം ഒടുക്കാത്തത് സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.28/30.11.2023) നൽകി.മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 ലാപ് ടോപ്പുകൾ മുഴുവൻ ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| പദ്ധതി | പട്ടിജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ |
| പദ്ധതി നമ്പർ | 109/2022-23 |
| ചെലവ് തുക: 803968 രൂപ | 798240 രൂപ (വികസന ഫണ്ട്)<br>ബിൽ റഫറൻസ് നമ്പർ: 22151252037700662155 , 18.10.2022, തുക: 475072,<br>ബിൽ റഫറൻസ് നമ്പർ: 22151252037700979326 , 30.12.2022, തുക:182720,<br>ബിൽ റഫറൻസ് നമ്പർ: 22151252037701534742 , 28.03.2023, തുക: 140448, |
| | തനതു ഫണ്ട്: 5728 രൂപ<br>ചെക്ക് നമ്പർ:XY159492, തി: 31.3.2023 |

മേൽ സൂചിപ്പിച്ച പ്രൊജക്റ്റ് പ്രകാരം പട്ടിജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി 22 ലാപ് ടോപ്പുകൾ വാങ്ങുന്നതിന് KELTRON ന് 803968 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 18 ലാപ്ടോപ്പുകൾ ലഭ്യമായതിന്റെ ബില്ലുകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. അപാകത ചൂണ്ടിക്കാണിച്ച് അസി.സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/30 .11.2023) മറുപടി ലഭ്യമാക്കിയിട്ടില്ലെങ്കിലും , തനതു ഫണ്ടിൽ നിന്നുള്ള 5728 രൂപ ട്രാൻസ്ഫർ ചെയ്തതിലെ പിഴവ് കാരണമാണ് അവശേഷിക്കുന്ന 4 ലാപ് ടോപ്പുകൾ ലഭ്യമാവാതിരുന്നത് എന്ന് അറിയിച്ചു. അവശേഷിക്കുന്ന 4 ലാപ് ടോപ്പുകൾ ലഭ്യമാക്കി വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലാപ്ടോപ്പ് വിതരണം ചെയ്യുന്നതുവരെ ഈ ഇനത്തിലെ ചെലവ് 146176/-രൂപ തടസ്സം ചെയ്യുന്നു.

## 1-31 അഡ്വാൻസ് നൽകിയ തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

എ) വൃക്കരോഗികൾക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " വൃക്കരോഗികൾക്കുള്ള മരുന്ന് വാങ്ങൽ " എന്ന പദ്ധതി(18/2022-23) പ്രകാരം മരുന്ന് വാങ്ങുന്നതിന് തനതു ഫണ്ടിൽ നിന്ന് 100,000രൂപ (ചെക്ക് നം: XY1594479, തീയതി 31-03-2023) കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്.സി. ക്ക് നൽകിയ 16/29.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, ഇതിൽ 49039 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും ആയതിന്റെ ഇൻവോയ്സുകളോ സ്റ്റോക്കിലെടുത്തതിന്റെ വിവരമോ ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് നല്കിയ തുകയുടെ മരുന്ന് പൂർണ്ണമായി ലഭ്യമായാൽ, മരുന്ന് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) പരിരക്ഷ- മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ, (PHC) നിർവ്വഹണ ഉദ്യോഗസ്ഥനായ " അരികെ പരിരക്ഷ ഹോംകെയർ പദ്ധതി " (20/2022-23) പ്രകാരം വികസന ഫണ്ടിൽ നിന്നും 996316 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പരിരക്ഷ രോഗികൾക്കുള്ള മരുന്ന് വാങ്ങുന്നതിന് ബിൽ റഫറൻസ് നം: 22151252034200892854, തി:12.12.2022 പ്രകാരം 352188 രൂപയും, ബിൽ റഫറൻസ് നം: 22151252034201514003, തി:28.3.2023 പ്രകാരം 34966 രൂപയും കെ.എം.എസ്.സി.എൽ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, പി.എച്.സി. ക്ക് നൽകിയ 16/29.11.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, ഇതിൽ 126659 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും ആയതിന്റെ ഇൻവോയ്സുകളോ സ്റ്റോക്കിലെടുത്തതിന്റെ വിവരമോ ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് നല്കിയ തുകയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-32 സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.ലൈസൻസ് രജിസ്റ്റർ ,തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾപഞ്ചായത്ത് പരിധിയിൽ കൂടുതൽ സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതായി കണ്ടു.എന്നാൽ സ്വകാര്യ ആശുപത്രികൾക്കും പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കും ഉള്ള രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ല . വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | സ്ഥാപനം | സ്ഥാപനഉടമ |
|---|---|---|
| 1 | മെട്രോ സ്പെഷ്യാലിറ്റി ലബോറട്ടറി | സുജീഷ്.കെ<br>ലൈസൻസ് നം.B5-1252/22 |
| 2 | ഹൈടെക് ലബോറട്ടറി | സജീഷ്.ടി<br>ലൈസൻസ് നം.B5-1267/22 |
| 3 | ഗ്രീൻ ഹോമിയോപ്പതി | ഡോ.സുനിഷ വിനോദ്<br>ലൈസൻസ് നം.B5-1618/22 |
| 4 | ഡോ.രതീഷ് ടൂത്ത് ഫെയറി | ഡോ.രതീഷ്<br>ലൈസൻസ് നം.B5-1410/22 |
| 5 | ഹെൽത്ത്&ഹെൽത്ത് ലബോറട്ടറി | ഷാലി ദിനേഷൻ<br>ലൈസൻസ് നം.B5-2067/22 |
| 6 | അമ്പിളി ക്ലിനിക് | ഡോ.കെപി,പുഷ്കരൻ |
| 7 | ഡോ. സൗമ്യാസ് ഡെന്റൽ ക്ലിനിക് | ഡോ. സൗമ്യ |
| 8 | റിലീഫ് മെഡിക്കൽസ് | തൊഴിൽ നികുതി രജിസ്റ്റർ ക്രമ നം.74 |
| 9 | ശ്രീ വത്സം മെഡിക്കൽ കേളേജ് | തൊഴിൽ നികുതി രജിസ്റ്റർ ക്രമ നം.76 |

സർക്കുലർ നം.47724/ഡി.സി.1/11/എൽ.എസ്.ജി.ഡി തീയതി 09/12/2012 പ്രകാരം ടി സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതും രജിസ്ട്രേഷന് പുറമേ ലൈസൻസ് എടുക്കേണ്ടതും കെട്ടിടത്തിന്റെ സുരക്ഷിതത്വം,ശുചിത്വം എന്നിവ ഉറപ്പാക്കേണ്ടതുമാണ്. മേൽസ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മറ്റ് സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളും മേൽ ചട്ടം,സർക്കുലർ പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ എടുത്ത നടപടി ക്രമങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/29.11.2023 ന് നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്,പൊന്നാനി | 1080740 | 52/22 സ്ഥിരം നെൽകൃഷിക്ക് വിത്ത് സാമ്പത്തിക സഹായം നൽകൽ | 1080740 | 0 |
| | 1782000 | 51/22 ലൈഫ് ഭവന പദ്ധതി -എസ്.സി | 1782000 | 0 |
| | 200000 | 187/22 അതിദാരിദ്ര്യ പഞ്ചായത്ത് വീട് പുനരുദ്ധാരണം | 200000 | 0 |
| | 2765000 | 50/22 ലൈഫ് ഭവന പദ്ധതി - ജനറൽ | 2765000 | 0 |
| | 350000 | 82/22ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും | 350000 | 0 |

| | | | | |
|---|---|---|---|---|
| | 375000 | 65/22 പാലിന് സബ്സിഡി-ജനറൽ | 375000 | 0 |
| ജില്ലാ പഞ്ചായത്ത് | 1500000 | 52/22 സ്ഥിരം നെൽകൃഷിക്ക് വിത്ത് സാമ്പത്തിക സഹായം നൽകൽ | 1500000 | 0 |
| | 960000 | 50/22 ലൈഫ് ഭവന പദ്ധതി - ജനറൽ | 960000 | 0 |
| | 173000 | 82/22ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തയും | 173000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| K.S.E.B | 95/23,പോസ്റ്റ് മാറ്റി വെക്കൽ | BRN22151252002000884576 /8.12.22 | 8976 | 0 | പൂർത്തീകരിച്ചിട്ടില്ല | 86760 |
| | | BRN22151252002000884574 /8.12.22 | 20968 | | | |
| | | BRN22151252002000884579 /8.12.22 | 8134 | | | |
| | | BRN22151252002000884577 /8.12.22 | 5797 | | | |
| | | BRN22151252002000884575 /8.12.22 | 11879 | | | |
| | | BRN22151252002001535969 /28.3.23 | 6365 | | | |
| | | BRN22151252002001535933 /28.3.23 | 8427 | | | |
| | | BRN22151252002001573233 /30.3.23 | 16214 | | | |
| | | ആകെ | 86760 | | | |
| K.S.E.B | 185/23,പെരുമ്പറമ്പ് | BRN22151252002001373089 | 34856 | 0 | പൂർത്തീകരിച്ചിട്ടില്ല | 34856 |

| | | | | | | |
|---|---|---|---|---|---|---|
| | അംഗനവാടിയിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ | /14.3.23 | | | | |
| K.S.E.B | 94/23,വിവിധ പാടശേഖരങ്ങളി ലൂടെയുള്ള വൈദ്യുതി ലൈൻ വലിക്കൽ | XY1594478/ 28.3.23 | 49832 | 0 | പൂർത്തീകരിച്ചിട്ടില്ല | 49832 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാ നുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവ സാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | KURDFC-ലൈഫ് പദ്ധതി | - | 6200000 | 17769046 | 2159524 | 0 | 21809522 |
| 02 | ഇ.എം.എസ് ഭവന പദ്ധതി | . | - | 3842645 | 0 | 0 | 3842645 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 494853 |
| തൻവർഷം നിക്ഷേപിച്ച തുക | 596186 |
| ആകെ | 1091036 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 494853 |
| വർഷാവസാനം അവശേഷിക്കുന്നതുക | 596186 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| 090301807520111/27.03.2023 എം.ഡി.സി ബാങ്ക്,എടപ്പാൾ, | 411069രൂപ |
| 090301807520110/27.03.2023 എം.ഡി.സി ബാങ്ക്,എടപ്പാൾ, | 185117രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2019-20 | 1-20 | 1866 | എ.ഇ,എൽ.എസ്.ജി.ഡി | 1220103566/18.10.22 |
| 2020-21 | 1-15 | 9946 | എ.ഇ,എൽ.എസ്.ജി.ഡി | 1220103665/22.10.22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | അനുബന്ധം3 | വസ്തുനികുതി | ബഹു.നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2(4) | 2016-17 | ആനുബന്ധം4 | തൊഴിൽ നികുതി | ബഹു.നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| | 2005-06 | 2-1, | വി.ഹരിദാസ്, സെക്രട്ടറി | LF 10423/SPL .CELL/CSCD1/ 12, 15.06.2015 | 2890/- | 0 | 0 | 0 | 0 | 0 | 2890 | 0 |
| 1 | 2005-06 | 2-2, 2-3 (A), 2-3(B | വി.ഹരിദാസ്, സെക്രട്ടറി | LF 10423/SPL .CELL/CSCD1/ 12, 16.07.2014 | 3623/- | 0 | 0 | 0 | 0 | 0 | 3740 | 0 |

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക**

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക,രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-02 | 4<br>6<br>7 | കെ പി ശങ്കരൻ | LF14740/S Cell/SC5/ 051-12-06/ 1.03.07 | 11650 | 0 | 0 | 0 | 0 | 0 | 0 | 11650 |
| 2 | 2005-06 | 3-1A<br>3-1B<br>3-2<br>3-8 | ശ്രീ.വി. ഹരിദാസ്, സെക്രട്ടറി | LF 10423/SPL .CELL/CSCD1/ 12, 16.07.2014 | 120520 +പലിശ | | | | | | | 120520 +പലിശ |
| 3 | 2008-09 | 3-3<br>3-5<br>3-23 | ശ്രീ.ഇ എം എൻ. സുദേവൻ | LF17975/SPL .CELL/CSCD1/ 12, 23.05.2015 | 75908 | | | | | | | 75908 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 2009-10 | 3-8(1) 3-8(2) 3-13(2) | ഷിനി.എം. അസിസ്റ്റന്റ് എഞ്ചിനീയർ | LF17976/SPL .CELL/CSCD1/ 12, 15.03.2015 | 21769 | | | | | | 0 | 21769 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 190874455 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 174466451 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1752624 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 50000 | ഡോ.ദീപ, ചെറയത്ത്. വെറ്ററിനറി സർജൻ |
| 1-20 | 15,56,448 | ശ്രീ.കെ.പി.സുനിൽ കുമാർ, സെക്രട്ടറി |
| 1-30 | 146176 | ശ്രീമതി.ലത എം ,അസി.സെക്രട്ടറി |
| ആകെ | 1752624 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

ബാധകമല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM 11/1404/99, 24.03.2000 | 1 |
| 2000-01 | LFM 11/1420/99, 23.06.2004 | 11 |
| 2001-02 | LFM 17/1056/03, 06.04.2004 | 7 |
| 2002-03 | LFM 9/332/05, 29.04.2005 | 14 |
| 2003-04 | LFM 6/05/08, 17.05.2008 | 3 |
| 2004-05 | KSA MPM28/1204/16 , 27.1.2018 | 12 |
| 2005-06 | LFM 6/243/10, 21.03.2012 | 12 |
| 2006-07 | LFM 10/889/11, 21.03.2012 | 7 |

| | | |
|---|---|---|
| 2007-08 | LFM 18/598/11, 21.03.2012 | 21 |
| 2008-09 | LFM 18/599/11, 21.03.2012 | 16 |
| 2009-10 | LFM 18/600/11, 21.03.2012 | 27 |
| 2010-11 | KSA MPM28/1204/16 , 27.1.2018 | 17 |
| 2011-12, 2012-13 | KSA MPM28/669/16 , 27.1.2018 | 23 |
| 2013-14, 2014-15 | KSAMPM 28/1928/2016, 17.7.17 | 15 |
| 2015-16 | KSAMPM 28/29/2017, 08.02.2017 | 24 |
| 2016-17 | KSAMPM 28/2458/2017, 23.7.18 | 21 |
| 2017-18 | KSAMPM 28/204/2019, 2.7.2019 | 17 |
| 2018-19 | KSAMPM 28/ 2588-19, 12.2.2021 | 19 |
| 2019-20 | KSAMPM 5/1/22, 24.9.2022 | 15 |
| 2020-21 | KSAMPM 5/02/22, 15.3.2022 | 15 |
| 2021-22 | KSAMPM 5/2773/22, 10.04.2023 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,

എം.എ.12/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1-1 dated 31-07-2023 and submitted on 30-10-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Edappal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Edappal Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Edappal Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The following registers are not updated.
    a. Advance register
    b. Deposit register
    c. Loan register
    d. Investment register
    e. Auction register
    f. Audit recovery register
    g. Asset register
2. The D.C.B of property tax is not matching with A.F.S
3. Some of the banks included in 40(b) of the last A.F.S is not included in the 40(a) of the current year
4. Kerala panchayath account rule act 57&58 is not kept.
5. Balance of the bank book does not match with reconciliation statement
6. Information about the bank account Nationalised bank account of own revenue fund included in 40(b) is not presented.
7. Registers are not authorised by the Secretaty.
8. Reconciliation statementes are not presented.
9. stale cheque are not revalidated.

10. A.C.R not keeping for the special purpose fund included in B-4
11. The amount credited by the bank K.G.B A/CNo.40287100102977 is not assured that itâÂÂÂÂÂÂs banks own fund
12. The amount 180429/- seen marked as cheque deposited but not cleared in the bank K.G.B A/CNo.40287100102977.
13. An amount 5269053/- is seen as directly debited by the bank in the bank K.G.B A/CNo.40287100102977.
14. Large amount has withdrawn from own fund bank account K.G.B(A/CNo.40287100102977) without proper accounting.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്